# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1704** — **22.03.2012 ന് മറുപടിക്ക്**

## മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനു സ്വീകരിച്ച നടപടി

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ : — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനു വേണ്ടി ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 72 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാ തല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്ക് തല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പല സർക്കാർ വകുപ്പുകളും ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു-ണ്ടോ; എങ്കിൽ ഇതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പരിഭാഷ ചെയ്യുന്നതിനും വിവിധ വകുപ്പുകൾക്ക് സഹായകമായ പദകോശം നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | ഓരോ വകുപ്പിനെയും സംബന്ധിച്ച കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവയുടെ തർജ്ജമ അതതു വകുപ്പിൽ തന്നെ നിർവഹിക്കുന്നതിനായി ഓരോ വകുപ്പിലും ഓരോ പരിഭാഷാ സെൽ രൂപീകരിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. പരിഭാഷപ്പെടുത്തിയശേഷം സൂക്ഷ്മ പരിശോധനയ്ക്കായി ഔദ്യോഗിക ഭാഷാ വകുപ്പിലേക്ക് ലഭ്യമാക്കുന്നവയുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി തിരികെ നൽകുന്നുണ്ട്.<br>വിവിധ വകുപ്പുകളിൽ ഉപയോഗിച്ചു വരുന്ന സാങ്കേതിക പദങ്ങളും അവയുടെ തത്ഭവ/തൽസമ/മലയാള പദങ്ങളും ഉൾപ്പെടുത്തി വകുപ്പുതല പദകോശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും 7 വകുപ്പുകളെ സംബന്ധിച്ച പദകോശം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ